**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1548** **08-12-2022 - ൽ മറുപടിയ്ക്ക്**

**തസ്തികമാറ്റ നിയമനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഹയർസെക്കൻഡറി ജൂനിയർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകുമ്പോൾ ആയത് 25 ശതമാനത്തിൽ അധികരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തണമെന്ന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 27.07.2019 ലെ GEDN-SC1/86/2019-G.EDN നമ്പർ സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത നിർദ്ദേശം നിലവിലിരിക്കെ അത് മറി കടന്ന്ഹയർ സെക്കൻഡറി ജൂനിയർ തസ്തികയിലേക്കുള്ള ഇത്തരം നിയമനങ്ങൾ അംഗീകരിക്കുമ്പോൾ അത് 25 ശതമാനം അധികരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ആയത് കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുമോ? | (സി) | ആയത് പാലിക്കുന്നതിന് മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അന്വേഷണം

കേരള സർക്കാർ

പൊതു വിദ്യാഭ്യാസം (എസ്.സി) വകുപ്പ്

നമ്പർ.GEDN-SC1/86/2019-G.EDN 27/07/2019,തിരുവനന്തപുരം

സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
ഹയർ സെക്കണ്ടറി വിഭാഗം, തിരുവനന്തപുരം.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - എയ്ഡഡ് - ഹയർ സെക്കൻഡറി ജീവനക്കാര്യം - എച്ച്.എസ്.എസ്.ടി(ജൂനിയർ) തസ്തികയിലെ തസ്തികമാറ്റ നിയമനം - സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. 09/11/2001 ലെ സ.ഉ(പി) 331/2001/പൊ.വി.വ
2.താങ്കളുടെ 31.05.19 ലെ എസി.ഡി.സി1/88490/2017/എച്ച്.എസ്.ഇ നം കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ആകെ തസ്തികകളുടെ 25% ആണ് ബൈട്രാൻസ്ഫർ നിയമനം നൽകേണ്ടതെന്നും, 'ആകെ' എന്നത് കൊണ്ട് ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ട നാൾ മുതൽ സൃഷ്ടിച്ച എച്ച്എസ്.എസ്.ടി (ജൂനിയർ) തസ്തികകളുടെ എണ്ണം കണക്കാക്കിയാണോ അതോ നിലവിലുള്ള ജൂനിയർ തസ്തികകളുടെ എണ്ണം കണക്കാക്കിയാണോ എന്ന വിഷയത്തിൽ സ്പഷ്ടീകരണം നല്കണം എന്നാണ് സൂചന (2) കത്ത് പ്രകാരം താങ്കൾ ആവശ്യപ്പെട്ടിട്ടുള്ളത്.

സൂചന (1) പ്രകാരമുള്ള എയിഡഡ് ഹയർ സെക്കണ്ടറി വിശേഷാൽ ചട്ടത്തിൽ എയിഡഡ് ഹയർ സെക്കണ്ടറി (ജൂനിയർ) തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ചട്ടം4(3)ന് താഴെയുള്ള Note(i)ൽ താഴെപ്പറയും പ്രകാരമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

"Note:(i)25% of the total posts shall be filled up by the method specified in item (1) above on seniority-cum-suitability basis and 75% of such posts shall be filled up by direct appointment."

വിശേഷാൽ ചട്ടത്തിലെ ഈ വ്യവസ്ഥ പ്രകാരം എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ എത്ര എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികകളുണ്ടെന്നാണ് 'ആകെ' എന്നത് കൊണ്ട് ചട്ടത്തിൽ ഉദ്ദേശിച്ചിരിക്കുന്നതെന്നും, അല്ലാതെ ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ട നാൾ മുതൽ സൃഷ്ടിച്ച എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികകളുടെ എണ്ണം അല്ല കണക്കാക്കേണ്ടതെന്നുമുള്ള വിവരം അറിയിക്കുന്നു.

ഇത്തരത്തിൽ ബൈട്രാൻസ്ഫർ നിയമനം വഴി എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയിൽ നിയമനത്തിനുള്ള അംഗീകാരം നല്കുമ്പോൾ ബൈട്രാൻസ്ഫർ മുഖേന നിയമിച്ചവർ വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം 25 ശതമാനം അധികരിക്കുവാൻ പാടില്ലായെന്നും നിയമനാധികാരി ഉറപ്പ് വരുത്തേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**കെ.വി മുരളീധരൻ**

**സ്പെഷ്യൽ സെക്രട്ടറി**

സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Validity unknown

Digitally signed by PREMCHAND C P
Date: 2019.07.27 16:49:07 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് - പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ് (അറിവിലേയ്ക്കായി)